(ഡി) 1990-നു മുമ്പ് തന്നെ ഈ പദ്ധതി ആവിഷ്ക്കരിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാത്തതിനാൽ ഈ പദ്ധതി വീണ്ടും 1999-ൽ പുതുക്കി തയ്യാറാക്കിയിട്ടുണ്ട്.

(ഇ) 2000 സെപ്റ്റംബർ മാസം

(എഫ്) ഇല്ല. കേന്ദ്രതുറമുഖ മന്ത്രാലയം ചില വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അത് നൽകിയിട്ടുണ്ട്.

(ജി) ഇതിനകം തന്നെ ഇക്കാര്യം കേരളത്തിലെ എല്ലാ എം. പി. മാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അടുത്ത കാലത്ത് ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്.

നവജാത ശിശുക്കളിലെ ഹൃദയ വൈകല്യം കണ്ടുപിടിക്കുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള സൗകര്യം

8 (*156) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവജാതശിശുക്കളിലെ ഹൃദയവൈകല്യം കണ്ടുപിടിക്കുന്നതിനും ചികിത്സ നൽകുന്നതിനും സംസ്ഥാനത്ത് ഇന്നുള്ള സൗകര്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സൗകര്യങ്ങൾ അപൂർവം ചില കേന്ദ്രങ്ങളിൽ മാത്രമേ ലഭ്യമായിട്ടുള്ളു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സൗകര്യം വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ. എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) നവജാത ശിശുക്കളിൽ ഹൃദയ സംബന്ധമായ തകരാറുകൾ ആരംഭിക്കുന്നത് ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നവജാത ശിശുക്കളിൽ കണ്ടുവരുന്ന ഹൃദയ വൈകല്യങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും ചികിത്സ നൽകുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1998 മുതൽ പ്രവർത്തിക്കുന്ന പീഡിയാക്ട്രിക് കാർഡിയോളജി വിഭാഗത്തിൽ നവജാതശിശുക്കളിലെ ഹൃദയവൈകല്യം കണ്ടെത്തുന്നതിനുള്ള സൗകര്യം ഉണ്ട്. മറ്റു മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗത്തിൽ അതിനുള്ള സൗകര്യമുണ്ട്. ഇതിനുവേണ്ടി കളർഡോപ്ലർ, എക്കോ കാർഡിയോഗ്രാഫി എന്നീ ആധുനിക സൗകര്യങ്ങൾ ഉപയോഗിക്കുന്നു. ഗർഭസ്ഥശിശുക്കളിലെ ഹൃദയ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ഫീറ്റർ എക്കോ കാർഡിയോഗ്രാഫി ചെയ്യുന്നു.

(ബി & സി) ഉണ്ട്. ഇക്കാര്യം പരിശോധിക്കാവുന്നതും ധനലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കാവുന്നതുമാണ്.

(ഡി) ഗർഭസ്ഥശിശുക്കളിൽ ആദ്യത്തെ മൂന്നു മാസങ്ങളിലാണ് ഹൃദയ സംബന്ധമായ തകരാറുകൾ ആരംഭിക്കുന്നത്. ഇതുകൂടാതെ അപൂർവ്വം ചില അസുഖങ്ങൾ (എസ്. വി. റ്റി. ഹാർട്ട് ബ്ലോക്ക്) പിന്നീടുള്ള മാസങ്ങളിലും വരാം.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ

9 (*157) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവാസി കേരളീയർ വിദേശ രാജ്യങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ അവിടത്തെ എംബസിയുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(സി) പ്രവാസി കേരളീയരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് സുരക്ഷാ പദ്ധതിക്ക് രൂപം നൽകുമോ ;

(ഡി) വിദേശ രാജ്യങ്ങളിൽ വച്ച് അപകടവും മരണവും സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുണ്ടാക്കുമോ ;

(ഇ) വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന പ്രവാസിയുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കാൻ എംബസിയുമായി ബന്ധപ്പെട്ട് സംവിധാനം ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly